പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1871 13-06-2019 ൽ മറുപടിക്ക്

## മന്ത്രിസഭാ തീരുമാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട ഏതെങ്കിലും മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ യഥാസമയം പുറപ്പെടുവിക്കാത്ത സ്ഥിതി വിശേഷമുണ്ടായിട്ടുണ്ടോ; | (എ) | നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ അത്തരം തീരുമാനങ്ങളിൻമേലും പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്ന സമയത്തുള്ള തീരുമാനങ്ങളിൻമേലും യഥാസമയം ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടാകാറുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം വിഷയത്തിലുള്ള മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകളാണ് ഇനിയും പുറപ്പെടുവിയ്ക്കാൻ ബാക്കിയുള്ളത്; വിശദമാക്കുമോ; | (ബി) | 29-05-2019 വരെ നടന്ന 169 മന്ത്രിസഭായോഗങ്ങളിലായി ആകെ 3057 തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അതിൽ ഇനിയും ഉത്തരവ് പുറപ്പെടുവിക്കാൻ ബാക്കിയുള്ള തീരുമാനങ്ങളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (സി) | അജണ്ടയ്ക്ക് പുറത്തുള്ള ഇനമായി എത്ര വിഷയങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്; | (സി) & (ഡി) | 29-05-2019 വരെ നടന്ന 169 മന്ത്രിസഭാ യോഗങ്ങളിലായി മുൻകൂട്ടി തയ്യാറാക്കിയ അജണ്ടയിൽ ഉൾപ്പെടാത്ത 556 ഇനങ്ങളിൽ തീരുമാനമായിട്ടുണ്ട്. അജണ്ടയ്ക്കുപുറത്തുള്ള ഇനമായി മന്ത്രിസഭാ യോഗം പരിഗണിക്കുന്ന വിഷയങ്ങളിൽ തീരുമാനമാകുന്നവ മാത്രമേ മന്ത്രിസഭാ യോഗ നടപടിക്കുറിപ്പിൽ ഉൾപ്പെടുത്താറുള്ളു. |
| (ഡി) | ഇതിൽ എത്ര ഇനത്തിലാണ് അനുകൂല തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; എത്ര എണ്ണം മന്ത്രിസഭ അനുകൂല തീരുമാനം കൈക്കൊള്ളാതെ നിരസിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ